# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2779 19.12.2012-ൽ മറുപടിയ്ക്ക്

## എസ്.സി.പി. ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ

ചോദ്യം

ശ്രീ. കെ. രാധാകൃഷ്ണൻ

ഉത്തരം

ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചേലക്കര മണ്ഡലത്തിൽ ഏതെല്ലാം കുടിവെള്ള പദ്ധതികളാണ് എസ്.സി.പി. ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതിന് ഭരണാനുമതിക്കായി ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | 1. പൂളയ്ക്ക പറമ്പിൽ കുടിവെള്ള പദ്ധതി<br>2. മേലെപ്പാട്ട്തൊടി കുടിവെള്ള പദ്ധതി<br>3. ആമപ്പാറചുവട് കുടിവെള്ള പദ്ധതി<br>4. ചെറിയിക്കൽതൊടി (ചോലമ്മകാവ്) കുടിവെള്ള പദ്ധതി<br>5. ഉണിക്കുന്ന് പട്ടികജാതി കോളനി കുടിവെള്ള പദ്ധതി<br>6. ചോലപറമ്പ് കുടിവെള്ള പദ്ധതി<br>7. മുത്തേടത്ത്പടി കുടിവെള്ള പദ്ധതി എന്നിവ ലഭിച്ചിട്ടുണ്ട്. |

(...2)

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുവാനുള്ള കാലതാമസത്തിന് കാരണങ്ങൾ വ്യക്തമാക്കുമോ; | (ബി) | പൂളയ്ക്കപറമ്പ് കുടിവെള്ള പദ്ധതി ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയിലാണ്. ചോലപറമ്പ് കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റിൽ പട്ടികജാതി വിഭാഗക്കാർക്ക് വ്യക്തിഗത കണക്ഷനും ഇതര വിഭാഗക്കാർക്ക് പൊതുടാപ്പും നൽകുന്നതായി പരാമർശിച്ചിട്ടില്ല. മേലെപ്പാട്ട്തൊടി, ആമപ്പാറചുവട്, ചെറിയിക്കൽതൊടി, ഉണിക്കുന്ന്, മുത്തേടത്ത്പടി എന്നീ കുടിവെള്ള പദ്ധതികളുടെ സോഷ്യൽമാപ്പ്, ഫീസിബിലിറ്റി എന്നിവ ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | അടിയന്തരമായി പ്രസ്തുത പദ്ധതികൾക്കാവശ്യമായ ഭരണാനുമതി നൽകി നിർമ്മാണ നടപടികൾ ആരംഭിക്കുവാൻ നിർദ്ദേശം നൽകുമോ? | (ഡി) | സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതാണ്. |

Bal... K.T

**സെക്ഷൻ ഓഫീസർ**